(ഡി) കേവലം ചെറിയ മാർജിന്റെ പേരിൽ കോർപ്പറേഷൻ നൽകുന്ന കപ്പാസിറ്റേഷനുകൾ ഡിപ്പാർട്ടുമെന്റ് തള്ളിക്കളയാതെ കഴിയുന്നത്ര ഗവൺമെന്റ് വർക്കുകൾ കോർപ്പറേഷനു നൽകുവാൻ വേണ്ട ഏർപ്പാടുകൾ ചെയ്യുമോ ?

മരാമത്തും സ്പോർട്സും വകുപ്പ് മന്ത്രി (ശ്രീ. കെ. പങ്കജാക്ഷൻ):

(എ) 39 വർക്കുകൾ കെ. എസ്. സി. സി. ഇതിനകം ഏറ്റെടുത്തു നടത്തി.

(ബി) ഇപ്പോൾ 46 വർക്കുകൾ നടത്തിക്കൊണ്ടിരിക്കുന്നു.

(സി) ഗവൺമെന്റ് ജോലികൾ ഏറ്റവും കുറഞ്ഞ തുകക്ക് ഏറ്റെടുത്തു നടത്തുവാൻ തയ്യാറുള്ളവർക്കു കൊടുക്കുക എന്നതാണ് നിയമം. ഈ നിയമം കോർപ്പറേഷനും ബാധകമാണ്. പ്രത്യേക വർക്കുകൾ പൊതുതാൽപര്യം പരിഗണിച്ച്, നിർദ്ദിഷ്ട റേറ്റുകൾക്കും വ്യവസ്ഥകൾക്കും വിധേയമായി കോർപ്പറേഷനെ ഏൽപിക്കാറുണ്ട്. മറ്റുകാൺട്രാക്ടർമാരെപ്പോലെ കോർപ്പറേഷൻ നിരതദ്രവ്യമോ ജാമ്യത്തുകയോ ഒടുക്കേണ്ട ആവശ്യമില്ല എന്ന സൗജന്യമുണ്ട്. കോർപ്പറേഷൻ ജോലി ഏറ്റെടുക്കാൻ തയ്യാറാണ് എന്നകാരണം കൊണ്ടുമാത്രം ജോലി അവർക്കു കൊടുക്കണമെന്നില്ല.

(ഡി) ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

ഹരിജനങ്ങൾക്ക് ഭവന നിർമ്മാണം

* 53 [59] ശ്രീ. എം. കെ. കേശവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഹരിജനക്ഷേമവും സാമൂഹ്യവികസനവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം ഹരിജനങ്ങൾക്ക് ഭവന നിർമ്മാണത്തിനു നൽകുന്ന ഗ്രാന്റ് തുക എത്ര വീതമാണ്;

(ബി) സാധനങ്ങളുടെ വില വർദ്ധനവു മൂലം ഈ തുക വർദ്ധിപ്പിക്കണമെന്നു വല്ല നിവേദനവും ലഭിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിൻമേൽ ഗവൺമെൻറിന്റെ തീരുമാനം എന്താണെന്ന് വ്യക്തമാക്കാമോ ?

ഹരിജനക്ഷേമവും സാമൂഹ്യവികസനവും വകുപ്പ് മന്ത്രി (ശ്രീ. ദാമോദരൻ കാളാശ്ശേരി):

(എ) 2,500 രൂപ

(ബി) ഉണ്ട്.

(സി) ഗ്രാന്റ് തുക വർദ്ധിപ്പിക്കാനുള്ള ശുപാർശ പരിഗണനയിലുണ്ട്.

നാഷണൽ ഹിൽ ഹൈവേ

*54 [61] ശ്രീ. വി. ജെ. ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഹരിജനക്ഷേമവും സാമൂഹ്യവികസനവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഹിൽ ഹൈവേയുടെ നിർമ്മാണം ഇപ്പോൾ ഏതു സ്ഥിതിയിലാണെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly